# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5592 27/03/2018-ൽ മറുപടിക്ക്

**മാന്വൽ ഡ്രഡ്ജിംഗിലൂടെ തുറമുഖങ്ങളിലെ മണൽ വാരൽ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം തുറമുഖങ്ങളിലാണ് നിലവിൽ മാന്വൽ ഡ്രഡ്ജിംഗിലൂടെ മണൽ വാരൽ നടത്തുന്നത്; | (എ) | കാസർഗോഡ്, അഴീക്കൽ, പൊന്നാനി, ബേപ്പൂർ, വടകര, കൊടുങ്ങല്ലൂർ, എന്നീ 6 തുറമുഖങ്ങളിലാണ് നിലവിൽ മാന്വൽ ഡ്രഡ്ജിംഗിലൂടെ മണൽ വാരൽ നടത്തുന്നത് . |
| (ബി) | ഇപ്രകാരം ലഭിക്കുന്ന മണൽ വില്പന നടത്തുന്നത് എപ്രകാരമാണ്; 2017-18 ൽ മണൽ വില്പനയിലൂടെ എന്ത് തുക ലഭിച്ചു; | (ബി) | തുറമുഖവകുപ്പിന്റെ വെബ്സൈറ്റിലൂടെ ഉപഭോക്താക്കൾക്ക് ഓൺ ലൈൻ വഴി മണൽ ബുക്ക് ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ബുക്ക് ചെയ്യുന്ന അപേക്ഷകൾ പരിശോധിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽ വില അംഗീകൃത ബാങ്കിൽ ഒടുക്കുന്ന ഉപഭോക്താക്കൾക്ക് പാസുകൾ നല്കിവരുന്നു. 2017-18 ധനകാര്യ വർഷത്തിൽ ഫെബ്രുവരി മാസം വരെയുള്ള കാലയളവിൽ മണൽ വിൽപ്പനയിലൂടെ 18,34,10,308/- (പതിനെട്ട് കോടി മുപ്പത്തിനാല് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റിയെട്ട്) രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കാത്ത മറ്റ് തുറമുഖങ്ങളിൽ കൂടി അത് ആരംഭിക്കുന്നതിനും അപ്രകാരം മണൽ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മറ്റ് തുറമുഖങ്ങളിലും മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുടർനടപടികൾ സ്വീകരിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസമാണ് മറ്റ് തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് വൈകാൻ കാരണം. |

സെക്ഷൻ ഓഫീസർ